PROCEEDINGS

of

THE TRAVANCORE LEGISLATIVE ASSEMBLY

FIRST ASSEMBLY

THIRD SESSION—1948|1124

Friday the 7th December, 1948|22nd Vrischigom 1124

The Travancore Legislative Assembly met in the Legislative Chamber, Public Offices, Trivandrum, at 11 of the clock, on Tuesday the 7th December, 1948 with the President (the Hon'ble Mr. R. V. Thomas) in the Chair.

QUESTIONS AND ANSWERS.

ORAL ANSWERS.

പുസ്തകങ്ങളുടെ പ്രസിദ്ധീകരണം

1 MR. WILSON PETER (*Shertallai III—Latin Catholic*) : താഴെ പറയുന്ന ചോദ്യത്തിന് ഇൻഫർമേഷന്റെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

തിരുവിതാംകൂറിൽ ഏതെല്ലാം പുസ്തകങ്ങളുടെ പ്രസിദ്ധീകരണം നിരോധിക്കപ്പെട്ടിട്ടുണ്ട്?

HON'BLE MR. T. K. NARAYANA PILLAI : അതിന്റെ ലിസ്റ്റ് മേശപ്പുറത്തുവച്ചിട്ടുണ്ട്. മെമ്പറന്മാരുടെ അറിവിലേക്കായി വേണമെങ്കിൽ വായിക്കാം.

1. Subash Chandra Bose
2. Pans Mare Dylnaveer Songs
3. Thottilla
4. Pradima (Malayalam)
5. Jethakkal
6. Navayugom (Malayalam drama)
7. Marathakapeetam.

MR. WILSON PETER : പ്രസ്തുത പുസ്തകങ്ങളുടെ ഉള്ളടക്കം ഗ്രഹിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ശ്രമിച്ചിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ശ്രമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. WILSON PETER : ഈ പുസ്തകങ്ങൾ ഈ രാജ്യത്തെ ഏകാധിപത്യം അവസാനിപ്പിക്കുന്നതിനും ഇവിടത്തെ ജനകീയ പുരോഗതിക്ക് പ്രേരണ നൽകുന്നതിനും സുധീരമായ നേതൃത്വം കൊടുക്കുന്നതിനു ഉപകരിച്ചിട്ടുണ്ടെന്നും അറിവുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഇതിൽ ഒന്നോരണ്ട് പുസ്തകങ്ങൾ ഏകാധിപത്യഭരണത്തെ എതിർത്തുകൊണ്ടുള്ള പുസ്തകങ്ങളാണെന്നു എനിക്കറിയാം. വേറെന്നോരണ്ടു പുസ്തകങ്ങൾ ഹിന്ദിയിലായതുകൊണ്ടു എനിക്ക് വായിക്കാൻ കഴിഞ്ഞിട്ടില്ല. ബാക്കിപുസ്തകങ്ങളിൽ "തോറ്റില്ല" എന്നു പറയുന്നത് ഏകാധിപത്യത്തെ എതിർത്തുകൊണ്ട് ഒരു കാൺഗ്രസ്സ് പ്രവർത്തകൻ എഴുതിയിട്ടുള്ള പുസ്തകമാണ്. അതുപോലെ തന്നെ, "പ്രതിമ" എന്ന പുസ്തകവും അതും നിലവിലിരുന്ന ഏകാധിപത്യഭരണത്തെ ചിത്രീകരിച്ചിട്ടുള്ള ഒരു നാടകമാണ്.

MR. WILSON PETER : അങ്ങനെ നിരോധിച്ചിട്ടുള്ള പുസ്തകങ്ങളുടെ നിരോധനം പിൻവലിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കുമോ?

HON'BLE MR. T. K. NARAYANA PILLAI : തീർച്ചയായും ആലോചിക്കുന്നതാണ്. ഈ പുസ്തകങ്ങൾ ഏകാധിപത്യഭരണത്തെ എതിർക്കുക മാത്രമായിരുന്നു എങ്കിൽ അവയുടെ മേലുള്ള നിരോധനം പിൻവലിക്കുവാൻ ഗവണ്മെന്റു ശ്രമിക്കുന്നതാണ്. രണ്ടു മൂന്ന് പുസ്തകങ്ങളെ സംബന്ധിച്ച് അതായതു്, സുഭാഷ് ചന്ദ്രബോസ് തുടങ്ങി ചില പുസ്തകങ്ങളുടെ നിരോധനം നീക്കണമെന്നതന്നെയാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതു. അതുപോലെ തന്നെ 'തോറ്റില്ല' 'പ്രതിമ' എന്നീ പുസ്തകങ്ങളുടെ നിരോധനവും നീക്കത്തക്കതാണോ എന്നു് ഗവണ്മെന്റ് ആലോചിക്കുന്നതാണ്.

MR. MANNAR K. GOPALAN NAIR (*Thiruvalla I—General*): 'പ്രതിമയുടെ' ഗ്രന്ഥകർത്താവു് ആരാണ്?

HON'BLE MR. T. K. NARAYANA PILLAI : ഒരു മിസ്റ്റർ കെ. രാമകൃഷ്ണപിള്ളയാണ്.

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*) : എന്റെ "നവലോകപ്പുലരി" എന്ന മറ്റൊരു ഗ്രന്ഥംകൂടി നിരോധിച്ചിട്ടുണ്ടെന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI. അതു ലിസ്റ്റിൽ കണ്ടില്ല.

MR. T. A. ABDULLA (*Ambalapuzha I—Muslim*) ഈ നിരോധനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ട് എത്ര കാലമായി എന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : അതിന് നോട്ടീസു വേണം.

MR. ABDUL AZIZ (*Trivandrum I—Muslim*) ഇന്നത്തെ ഗവണ്മെൻറ് ഏതെങ്കിലും പ്രസിദ്ധീകരണം നിരോധിച്ചിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI: അങ്ങിനെ നിരോധിച്ചതായി അറിവിൽപ്പെട്ടിട്ടില്ല.

MR. P. K. KUNJU (*Karunagapalli II—Muslim*): ഏത് കാലത്താണ് ഈ നിരോധനങ്ങൾ ഉണ്ടായിട്ടുള്ളതെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്താണ്.

പത്രങ്ങളുടേയും മാസികകളുടെയും പ്രസിദ്ധീകരണവും നിരോധനവും.

2* MR. WILSON PETER : താഴെ പറയുന്ന ചോദ്യത്തിന് ഇൻഫർമേഷൻറെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

തിരുവിതാംകൂറിൽ അച്ചടിച്ചു പരസ്യം ചെയ്തിരുന്നതും തിരുവിതാംകൂറിനു പുറത്തു അടിച്ചു തിരുവിതാംകൂറിൽ പ്രചരണം ഉണ്ടായിരുന്നതും ആയ ഏതെങ്കിലും ദിനപ്പത്രങ്ങളുടേയും, വാരികകളുടേയും, മാസികകളുടേയും പ്രസിദ്ധീകരണവും പ്രചരണവും നിരോധിച്ചുകൊണ്ടു പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവു നിലവിലുണ്ടോ?

HON'BLE MR T. K. NARAYANA PILLAI : ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട് മെമ്പറന്മാരുടെ അറിവിലേക്കായി വായിക്കാം.

List of Newspapers and Magazines banned.

1. The Sanathani
2. The Prakasam.
3. The Deepam
4. The Powranadam (Weekly)
5. The Theepori
6. Action
7. The Week
8. Russia Today
9. Challenge
10. Inside Empire
11. News Propeller
12. Action News
13. People's Post

LIBRARY ARCHIVES Kerala Legislative Assembly